വാരാന്ത്യപതിപ്പ് ലക്കം-54 | MAY 29 - JUNE 4

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

ലോക പുകയില രഹിത ദിനം
പേജ് 2

ലോക ക്ഷീര ദിനം
പേജ് 2

ലോക സൈക്കിൾ ദിനം
പേജ് 3

ഇന്ത്യൻ പരിസ്ഥിതി നിയമങ്ങളും വെല്ലുവിളികളും
പേജ് 4

അഗ്വഞ്ചർ
പേജ് 3

സൈക്കിൾ റാലി
പേജ് 4

അക്ഷരാഗ്നി
പേജ് 5

ചോദ്യം ഉത്തരം
പേജ് 6

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

ഡിപ്രഷൻ അഥവാ വിഷാദരോഗം എന്ന പൊതുവായി കണ്ടുവരുന്ന ഒരു മാനസികാരോഗ്യ അവസ്ഥയെക്കുറിച്ചാണ് സോഷ്യോപോഡ്സിന്റെ അമ്പത്തിയാറാം എപ്പിസോഡിൽ ചർച്ച ചെയ്തത്. മറ്റേത് ശാരീരിക അസുഖങ്ങളെയും പോലെ കൃത്യമായ ശുശ്രൂഷയും പരിചരണവും ആവശ്യമായ ഒരു മാനസിക രോഗമാണ് ഡിപ്രഷൻ എന്നും ഇതിനെ സമൂഹം വേണ്ടത്ര ശ്രദ്ധയോടെ കാണുന്നില്ല എന്നും വളന്റിയർ ഗൗതമി വ്യക്തമാക്കി. ജീവിതത്തിലെ വിഷമങ്ങളും പ്രശ്നങ്ങളുമെല്ലാം പങ്കുവെയ്ക്കാൻ ഒരു കേൾവിക്കാരൻ ഉണ്ടെങ്കിൽ ഈ അവസ്ഥ ഒരു പരിധിയോളം ഇല്ലാതാക്കാൻ സാധിക്കും എന്നും കൂട്ടിച്ചേർത്തു.

## ലോക പുകയില രഹിത ദിനം

മെയ് മുപ്പത്തിയൊന്ന് ലോക പുകയില രഹിത ദിനം ആചരിച്ചു. 'പുകയില: പരിസ്ഥിതിക്കും ഭീഷണി' എന്നതാണ് ഈ വർഷത്തെ ലോക പുകയില രഹിത ദിന സന്ദേശം. പുകയിലയുടെ ഉപയോഗം രോഗങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം പുകയിലയുടെ കൃഷി, ഉത്പാദനം, വിതരണം, മാലിന്യം എന്നിവ മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.



# ലോക ക്ഷീര ദിനം

ജൂൺ ഒന്നാം തിയ്യതി ലോക ക്ഷീര ദിനം ആചരിച്ചു.ലോകത്തിലെ ക്ഷീര വ്യവസായത്തിന്റെ വിജയത്തെയും പ്രാധാന്യത്തെയും ബഹുമാനിക്കുന്നതിനാണ് ഇത് അനുസ്മരിക്കുന്നത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# ലോക സൈക്കിൾ ദിനം

എൻ എസ് എസ് ജൂൺ മൂന്ന് വെള്ളിയാഴ്ച ലോക സൈക്കിൾ ദിനം ആചരിച്ചു. സൈക്ലിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ച് ലോക ജനതയെ ബോധവാന്മാരാക്കുന്നതിനാണ് ഈ ദിനം കഴിഞ്ഞ നാല് വർഷമായി ആചരിച്ചു വരുന്നത്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ഇന്ത്യൻ പരിസ്ഥിതി നിയമങ്ങളും വെല്ലുവിളികളും

ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സെന്റ് തോമസ് കോളേജിലെ എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ചേർന്നു ഇന്ത്യൻ പരിസ്ഥിതി നിയമങ്ങളും വെല്ലുവിളികളും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഡി എൽ എസ് എ സെക്രട്ടറി (സബ് ജഡ്ജ്) ശ്രീ മഞ്ജിത്ത് ടി എൻ എസ് എസ് ലീഡറായ ഫിൻസി മരിയക്ക് വൃക്ഷ തൈ കൈമാറി പരിപാടി ഉദ്ഘാടനം ചെയ്തു. അഡ്വ.സുശീൽ വി ജി(എൽ എൽ ബി, എൽ എൽ എം, എം ബി എ) ക്ലാസ്സ് നയിച്ചു.പ്രകൃതി ദുരന്തങ്ങളെയും അതിന്റെ കാരണങ്ങളെയും കുറിച്ച് അദ്ദേഹം വ്യക്തമാക്കി.ഒപ്പം പരിസ്ഥിതി നിയമങ്ങളെ കുറിച്ചും വിശദമായി സംസാരിച്ചു.സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ റവ.ഫാ.മാർട്ടിൻ കെ. എ, പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസ് , ഡോ.വിമല കെ ജോൺ, വളന്റിയേഴ്സ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.ടി എൽ എസ് സി സെക്രട്ടറി അർച്ചന പി ശിവൻ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. പരിപാടിയുടെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.






# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. വെള്ളിയാഴ്ച പത്ത് വളന്റിയേഴ്സ് രാവിലെ മുതൽ വൈകുന്നേരം വരെ പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.






# സൈക്കിൾ റാലി

ലോക സൈക്കിൾ ദിനത്തോടനുബന്ധിച്ച് ജൂൺ മൂന്നാം തിയ്യതി രാവിലെ ഏഴര മണിക്ക് നെഹ്റു യുവ കേന്ദ്രയുടെ നേതൃത്വത്തിൽ തൃശൂർ സ്വരാജ് റൗണ്ടിൽ സൈക്കിൾ റാലി സംഘടിപ്പിച്ചു. എൻ എസ് എസ് വളന്റിയേഴ്സായ ബ്രൈസും ഗൗതമിയും സജീവമായി പങ്കെടുക്കുകയും ചെയ്തു.










# ചിന്താവിഷയം

എന്ത് നഷ്ടപ്പെടുത്തി എന്നതിലല്ല എന്ത് ബാക്കിയുണ്ട് എന്നതിലാണ് കാര്യം

- സ്റ്റീഫൻ ഹോക്കിങ്



# അക്ഷരാഗ്നി

എവിൻ തോമസ്

## ചോദ്യം ഉത്തരം

ആരുടെ പ്രബോധനങ്ങളിൽ നിന്നാണ് എൻ എസ് എസ് ആപ്തവാക്യമായ**"Not me But You"**എടുത്തിട്ടുള്ളത്**?**

-- സ്വാമിവിവേകാനന്ദൻ

